**ശുചിത്വമിഷൻ**
തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

12.10.2026

## പത്രക്കുറിപ്പ്

# ശുചിത്വ ബോധവൽക്കരണ ക്ലാസും ക്വിസ് മത്സരവും സംഘടിപ്പിച്ചു

തിരുവനന്തപുരം: "നിർമലം" പുതുയുഗ ശുചിത്വ കേരളം ക്യാമ്പയിന്റെ ഭാഗമായി ശുചിത്വത്തിന്റെയും മാലിന്യ സംസ്കരണത്തിന്റെയും പ്രാധാന്യം ജീവനക്കാരിലേക്ക് എത്തിക്കുന്നതിനായി തിരുവനന്തപുരം പബ്ലിക് ഓഫീസിലെ ഹൗസ് കീപ്പിങ് ജീവനക്കാർക്കും വകുപ്പുകളിലെ ശുചിത്വ നോഡൽ ഓഫീസർമാർക്കുമായി ശുചിത്വ മിഷന്റെ നേതൃത്വത്തിൽ ശുചിത്വ ബോധവൽക്കരണ ക്ലാസും ക്വിസ് മത്സരവും സംഘടിപ്പിച്ചു.

തിങ്കളാഴ്ച രാവിലെ 10.30ന് തിരുവനന്തപുരം പബ്ലിക് ഓഫീസ് അങ്കണത്തിലെ റിക്രിയേഷൻ ഹാളിൽ നടന്ന പരിപാടി ശുചിത്വ മിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്) ശ്രീ ജഹാംഗീർ ഉത്ഘാടനം ചെയ്തു. ഹൗസ് കീപ്പിങ് ആൻഡ് ഫെസിലിറ്റി സോഫ്റ്റ് സർവീസസ് കൺസൾട്ടന്റും കെ എസ് ആർ ടി സി മുൻ ഹൗസ് കീപ്പിങ് സ്റ്റേറ്റ് കോർഡിനേറ്ററുമായ ശ്രീമതി ശശികല ഗജ്ജാർ ബോധവൽക്കരണ ക്ലാസിന് നേതൃത്വം നൽകി. ശുചിത്വ പരിപാലനം, മാലിന്യങ്ങളുടെ ശരിയായ തരംതിരിക്കൽ, ശാസ്ത്രീയമായ മാലിന്യ സംസ്കരണം, പരിസര ശുചിത്വം, ശുചിത്വ പ്രവർത്തനങ്ങളിൽ ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്തം എന്നിവ സംബന്ധിച്ച് ക്ലാസിൽ വിശദീകരിച്ചു.

ബോധവൽക്കരണ ക്ലാസിനോടനുബന്ധിച്ച് സംഘടിപ്പിച്ച ക്വിസ് മത്സരവും ശ്രദ്ധേയമായി. ശുചിത്വം, മാലിന്യ സംസ്കരണം, പരിസ്ഥിതി സംരക്ഷണം എന്നിവയെക്കുറിച്ചുള്ള ജീവനക്കാരുടെ അറിവ് വർധിപ്പിക്കാനും പ്രായോഗികമായ ശുചിത്വ ശീലങ്ങൾ പ്രോത്സാഹിപ്പിക്കാനും മത്സരം സഹായകമായി.

ശുചിത്വ മിഷൻ കപ്പാസിറ്റി ബിൽഡിംഗ് എക്സ്പേർട്ട് ശ്രീ അമീർഷയുടെ അധ്യക്ഷതയിൽ നടന്ന പരിപാടിയിൽ, പോഗ്രാം ഓഫീസർമാരായ അനീഷ് ബി, ഫൈസി എ. ഐ.ഇ.സി എക്സ്പെർട്ട് ഗോകുൽ പി, ഐ.ഇ.സി പ്രോഗ്രാം ഓഫീസർ വിജീഷ് എസ് തുടങ്ങിയവർ പങ്കെടുത്തു.

റവന്യൂ കോംപ്ലക്സ്, 4th ഫ്ലോർ, പബ്ലിക് ഓഫീസ് കോമ്പൗണ്ട്, തിരുവനന്തപുരം – 695033
ഫോൺ : 0471- 2312730, 2319831, ഇ-മെയിൽ : sanitationkerala@gmail.com